"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ 2022 ഡിസംബർ 25 മുതൽ 31 വരെ മാരാരി ബീച്ച് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്. എം.) വകുപ്പ്**

G.O.(Rt)No.3250/2022/LSGD തീയതി,തിരുവനന്തപുരം, 30-12-2022

---

പരാമർശം:- 1. മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 01/11/2022 - തീയതിയിലെ യോഗ തീരുമാനം.

**ഉത്തരവ്**

ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ 2022 ഡിസംബർ 25 മുതൽ 31 വരെ മാരാരി ബീച്ച് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നുണ്ടെന്നും ഇതിനായി ഏകദേശം 25 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 7,00,000(ഏഴ് ലക്ഷം രൂപ) ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ എം.എൽ.എ. അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന്റെ മുൻഗണനാ പദ്ധതികളിലൊന്നായ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനമായതിനാൽ ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ 2022 ഡിസംബർ 25 മുതൽ 31 വരെ മാരാരി ബീച്ച് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പരമാവധി ഏഴ് ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
SPECIAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, എൽ.എസ്.ജി.ഡി. (റൂറൽ), തിരുവനന്തപുരം
സെക്രട്ടറി, മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sheeba Beegom.a.m**
**Date: 30-12-2022 17:24:22**
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി. എസ്സിന്